**മധുരമായ കുട്ടികളേ, സാകാര ശരീരത്തെ ഓർമ്മിക്കുകയെന്നതും ഭൂത-അഭിമാനിയായി മാറുകയെന്നതാണ്, എന്തുകൊണ്ടെന്നാൽ ശരീരം 5 ഭൂതങ്ങളുടേതാണ്, നിങ്ങൾക്കാണെങ്കിൽ ദേഹീ-അഭിമാനിയായി മാറി ഒരു വിദേഹിയായ ബാബയെ ഓർമ്മിക്കണം.**

**ചോദ്യം:** ബാബ മാത്രം ചെയ്യുന്ന ഏറ്റവും സർവ്വ-ശ്രേഷ്ഠമായ കാര്യം ഏതാണ്?
**ഉത്തരം:** തമോപ്രധാനമായ മുഴുവൻ സൃഷ്ടിയേയും സതോപ്രധാനവും സദാ സുഖിയുമാക്കി മാറ്റുകയെന്നതാണ് സർവ്വ-ശ്രേഷ്ഠമായ കാര്യം. ഇത് ഒരു ബാബ മാത്രമാണ് ചെയ്യുന്നത്. ഈ ഉയർന്ന കാര്യം കാരണം ബാബയുടെ ഓർമ്മ ചിഹ്നവും വളരെ ഉയർന്നതിലും ഉയർന്നതായാണ് ഉണ്ടാക്കിയിരിക്കുന്നത്.

**ചോദ്യം:** ഏതു രണ്ടു ശബ്ദങ്ങളിലാണ് ഡ്രാമയുടെ മുഴുവൻ രഹസ്യവും വരുന്നത്?
**ഉത്തരം:** പൂജ്യനും പൂജാരിയും. നിങ്ങൾ പൂജ്യരായിരുന്നപ്പോൾ പുരുഷോത്തമരായിരുന്നു, പിന്നീട് മദ്ധ്യമ-കനിഷ്ടരായിമാറുന്നു. മായ പൂജ്യരിൽ നിന്ന് പൂജാരിയാക്കി മാറ്റുന്നു.

**ഗീതം:** സഭയിൽ ജ്വലിച്ചുയർന്ന പ്രകാശം . . . . .

**ഓം ശാന്തി**. ഭഗവാൻ ഇരുന്ന് കുട്ടികൾക്ക് പറഞ്ഞു മനസ്സിലാക്കിത്തരികയാണ് ഒരു മനുഷ്യനേയും ഭഗവാനെന്ന് പറയാൻ കഴിയുകയില്ല. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നിവരുടെ ചിത്രവുണ്ട്, അവരേയും ഭഗവാൻ എന്നു പറയാൻ കഴിയുകയില്ല. പരമപിതാ പരമാത്മാവിന്റെ നിവാസ സ്ഥാനം അവരെക്കാളും ഉയർന്നതാണ്. അദ്ദേഹത്തെ തന്നെയാണ് പ്രഭു, ഈശ്വരൻ, ഭഗവാൻ എന്നെല്ലാം പറയുന്നത്. മനുഷ്യർ വിളിക്കുമ്പോൾ അവരുടെ മുന്നിൽ ആകാരമോ സാകാരമോ ആയ ഒരു മൂർത്തിയും കാണുന്നില്ല, അതുകൊണ്ട് ഏതെങ്കിലും മനുഷ്യരൂപത്തെ ഭഗവാൻ എന്നു പറയുന്നു. സന്യാസിമാരെ കാണുമ്പോഴും ഭഗവാൻ എന്നു പറയുന്നു, എന്നാൽ ഭഗവാൻ സ്വയം പറഞ്ഞു തരികയാണ് മനുഷ്യനെ ഒരിക്കലും ഭഗവാൻ എന്നു പറയാൻ കഴിയുകയില്ല. നിരാകാരനായ ഭഗവാനെ വളരെയധികം പേർ ഓർമ്മിക്കുന്നുണ്ട്. ഗുരുവിനെ സ്വീകരിച്ചിട്ടില്ലാത്ത ചെറിയ കുട്ടികളെയും പഠിപ്പിക്കുന്നത് പരമാത്മാവിനെ ഓർമ്മിക്കൂ എന്നാണ്, പക്ഷെ ഏതു പരമാത്മാവിനെ ഓർമ്മിക്കണം - അതു പറഞ്ഞുകൊടുക്കുന്നില്ല. ഒരു ചിത്രവും ബുദ്ധിയിൽ ഇരിക്കുന്നില്ല. ദുഃഖത്തിന്റെ സമയത്ത് പറയുന്നു - അല്ലയോ പ്രഭൂ. ഒരു ഗുരുവിന്റേയോ ദേവതയുടേയോ ചിത്രം അവരുടെ മുന്നിൽ വരുന്നില്ല. വളരെയധികം ഗുരുക്കന്മാരെ സ്വീകരിച്ചിട്ടുണ്ടായിരുന്നാൽ പോലും അല്ലയോ ഭഗവാനെ എന്നു പറയുമ്പോൾ അവർക്ക് ഓരിക്കലും ഗുരുവിന്റെ ഓർമ്മ വരികയില്ല. ഗുരുവിനെ ഓർമ്മിച്ച് ഭഗവാൻ എന്നു പറയുകയാണെങ്കിൽ ആ ഗുരുവാണെങ്കിൽ ജനന-മരണത്തിൽ വരുന്നവനാണ്. അങ്ങിനെയാണെങ്കിൽ 5 തത്വങ്ങൾ കൊണ്ടുണ്ടാക്കിയ ശരീരത്തെയാണ് ഓർമ്മിച്ചത്, ഇതിനെ ഭൂതപൂജയെന്നാണ് പറയപ്പെടുക. ആത്മാവിനെ ഭൂതമെന്ന് പറയുകയില്ല. അങ്ങിനെയാണങ്കിൽ അത് ഭൂത പൂജപോലെയായി. ബുദ്ധിയോഗം ശരീരത്തിലേക്കാണ് പോയത്. ഏതെങ്കിലും മനുഷ്യരെ ഭഗവാൻ എന്നു കരുതുകയാണെങ്കിൽ ആ ശരീരത്തിലിരിക്കുന്ന ആത്മാവിനെയാണ് ഓർമ്മിക്കുന്നത് എന്നല്ല. ആത്മാവ് രണ്ടിലുമുണ്ട്. ഓർമ്മിക്കുന്നവരിലുമുണ്ട്, ആരെയാണോ ഓർമ്മിക്കുന്നത് അവരിലുമുണ്ട്. പരമാത്മാവിനെ സർവ്വവ്യാപി എന്ന് പറയുന്നു. എന്നാൽ പരമാത്മാവിനെ പാപാത്മാവ് എന്ന് പറയാൻ കഴിയുകയില്ല. വാസ്തവത്തിൽ പരമാത്മാവെന്ന പേര് പറയുമ്പോൾ ബുദ്ധി നിരാകാരന്റെ പക്കലേക്കാണ് പോകുന്നത്. നിരാകാരനായ അച്ഛനെ നിരാകാര ആത്മാവാണ് ഓർമ്മിക്കുന്നത്. അവരെ ദേഹീ-അഭിമാനിയെന്നു പറയും. സാകാര ശരീരത്തെ ഓർമ്മിക്കുകയെന്നത് ഭൂത പൂജ പോലെയാണ്. ഭൂതം, ഭൂതത്തെ ഓർമ്മിക്കുകയാണ്, എന്തുകൊണ്ടെന്നാൽ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കുന്നതിനു പകരം 5 ഭൂതങ്ങളുടെ ശരീരമെന്ന് മനസ്സിലാക്കുന്നു. പേരും ശരീരത്തിലാണ് വരുന്നത്. സ്വയത്തേയും 5 തത്വങ്ങൾകൊണ്ടുള്ള ഭൂതമെന്ന് മനസ്സിലാക്കുന്നു മറ്റുള്ളവരേയും 5 ഭൂതങ്ങൾ കൊണ്ടുള്ള ശരീരമെന്ന് മനസ്സിലാക്കി ഓർമ്മിക്കുന്നു. ദേഹീ-അഭിമാനിയായി അല്ല ഓർമ്മിക്കുന്നത്. സ്വയം നിരാകാര ആത്മാവെന്നു മനസ്സിലാക്കിയാൽ മാത്രമേ നിരാകാര പരമാത്മാവിന്റെ ഓർമ്മ വരികയുള്ളൂ. എല്ലാ ആത്മാക്കളുടേയും സംബന്ധം ആദ്യമാദ്യം പരമാത്മാവുമായിട്ടാണ്. ആത്മാവ് ദുഃഖത്തിൽ പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത്, അദ്ദേഹത്തിന്റെ കൂടെയാണ് സംബന്ധം. പരമാത്മാവ് ആത്മാക്കളെ ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നു. പരമാത്മാവിനെ പ്രകാശമെന്നും പറയുന്നു. എന്നാൽ ഒരു ദീപത്തിന്റേയോ മറ്റോ കാര്യമല്ല. അദ്ദേഹമാണെങ്കിൽ പരമപിതാ പരം ആത്മാവാണ്. പ്രകാശമെന്നു പറയു

ബോൾ മനുഷ്യർ ദീപമെന്നു കരുതുന്നു. ബാബ സ്വയം പറഞ്ഞുതന്നിട്ടുണ്ട് ഞാൻ പരമമായ ആത്മാവാണ്, എന്റെ പേര് ശിവനെന്നാണ്. ശിവനെ രുദ്രനെന്നും പറയപ്പെടുന്നു. ആ നിരാകാരന് അനേക പേരുകളുണ്ട്, വേറെ ആർക്കും ഇത്രയും പേരുകളില്ല. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നിവർക്ക് ഒരു പേര് മാത്രമേയുള്ളൂ. ഏതെല്ലാം ദേഹധാരികളുണ്ടോ അവർക്കെല്ലാം ഒരേയൊരു പേരേ ഉണ്ടായിരിക്കൂ. ഒരു ഈശ്വരനുമാത്രമാണ് അനേകം പേരുകൾ കൊടുത്തിരിക്കുന്നത്. ഈശ്വരന്റെ മഹിമ അപരം അപാരമാണ്. മനുഷ്യരുടെ ഒരു പേര് നിശ്ചിതമാണ്. നിങ്ങളിപ്പോൾ മർജീവയായപ്പോൾ നിങ്ങൾക്ക് വേറെ പേര് വെക്കപ്പെട്ടിട്ടുണ്ട്, പഴയതെല്ലാം മറക്കുന്നതിനുവേണ്ടി. നിങ്ങൾ പരമപിതാ പരമാത്മാവിനു മുന്നിൽ ജീവിച്ചുകൊണ്ടേ മരിക്കുന്നു. ഇത് മർജീവാ ജന്മമാണ്. എങ്കിൽ തീർച്ചയായും മാതാ-പിതാക്കളുടെ പക്കൽ ജന്മമെടുത്തിരിക്കുകയാണ്. ഈ ഗുഹ്യമായ കാര്യങ്ങൾ ബാബയിരുന്ന് നിങ്ങൾ കുട്ടികൾക്ക് പറഞ്ഞുതരികയാണ്. ലോകത്തിലുള്ളവർ ശിവനെ അറിയുന്നില്ല. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നിവരെ അറിയും. ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രി എന്നെല്ലാം പറയുന്നു. ഇതും കേവലം കേട്ടിട്ടേയുള്ളൂ. ബ്രഹ്മാവിലൂടെ സ്ഥാപന . . . . . പക്ഷെ എങ്ങിനെ, അത് അറിയുകയില്ല. ഇപ്പോൾ ക്രിയേറ്ററാണെങ്കിൽ തീർച്ചയായും പുതിയ ധർമ്മം, പുതിയ ലോകമാണ് രചിക്കുക. ബ്രഹ്മാവിലൂടെ ബ്രാഹ്മണ കുലം തന്നെയാണ് രചിക്കുക. നിങ്ങൾ ബ്രാഹ്മണർ ബ്രഹ്മാവിനെയല്ല, പരമപിതാ പരമാത്മാവിനെയാണ് ഓർമ്മിക്കുന്നത് കാരണം നിങ്ങൾ ബ്രഹ്മാവിലൂടെ അദ്ദേഹത്തിന്റേതായിരിക്കുകയാണ്. പുറമെയുള്ള ദേഹ-അഭിമാനി ബ്രാഹ്മണർ സ്വയത്തെ ബ്രഹ്മാവിന്റെ കുട്ടിയാണ്, ശിവന്റെ പേരക്കുട്ടിയാണ് എന്നൊന്നും പറയുകയില്ല. ശിവബാബയുടെ ജയന്തിയും ആഘോഷിക്കുന്നു, പക്ഷെ അദ്ദേഹത്തെ അറിയാത്തതുകാരണം അദ്ദേഹത്തെ ശ്രദ്ധിക്കുന്നില്ല. അദ്ദേഹത്തിന്റെ ക്ഷേത്രത്തിൽ പോകുന്നുണ്ട്, മനസ്സിലാക്കുന്നുണ്ട് ഇത് ബ്രഹ്മാവോ, വിഷ്ണുവോ, ശങ്കരനോ ലക്ഷ്മീ-നാരായണനോ അല്ല. അദ്ദേഹം തീർച്ചയായും നിരാകാര പരമപിതാ പരമാത്മാവാണ്. ബാക്കി എല്ലാ അഭിനേതാക്കൾക്കും അവരവരുടേതായ പാർട്ടുണ്ട്, പുനർജ്ജന്മമെടുക്കുന്നു, തന്റെ പേരുമുണ്ട്. ഈ പരമപിതാ പരമാത്മാവ് ഒന്നേയൊന്നു മാത്രമാണ്, അദ്ദേഹത്തിന് വ്യക്തമായ പേരോ രൂപമോയില്ല, എന്നാൽ മൂഢ മതികളായ മനുഷ്യർ ഇത് മനസ്സിലാക്കുന്നില്ല. പരമാത്മാവിന്റെ ഓർമ്മ ചിഹ്നം ഉണ്ടെങ്കിൽ തീർച്ചയായും അദ്ദേഹം വന്നിട്ടുണ്ടായിരിക്കണം, സ്വർഗ്ഗം രചിച്ചിട്ടുണ്ടായിരിക്കണം. അല്ലെങ്കിൽ ആര് സ്വർഗ്ഗം രചിക്കും. ഇപ്പോൾ വീണ്ടും വന്നിട്ട് ഈ രുദ്ര-ജ്ഞാന യജ്ഞം രചിച്ചിരിക്കുകയാണ്. ഇതിനെ യജ്ഞമെന്ന് പറയപ്പെടുന്നു, കാരണം ഇതിൽ സ്വാഹാ ആകേണ്ടതായിരിക്കുന്നു. പലരും യജ്ഞം രചിക്കാറുണ്ട്. അതെല്ലാം ഭക്തിമാർഗ്ഗത്തിലെ സ്ഥൂല യജ്ഞങ്ങളാണ്. ഇത് പരമപിതാവ് സ്വയം വന്ന് യജ്ഞം രചിക്കുകയാണ്. കുട്ടികളെ പഠിപ്പിക്കുന്നു. യജ്ഞം രചിക്കുമ്പോൾ അതിലും ബ്രാഹ്മണർ വന്ന് ശാസ്ത്രങ്ങൾ, കഥകൾ മുതലായവ കേൾപ്പിക്കുന്നു. ഈ ബാബയാണെങ്കിൽ നോളേജ്ഫുള്ളാണ്. പറയുന്നു ഈ ഗീതയും ഭാഗവതവുമെല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. ഈ സ്ഥൂല യജ്ഞവും ഭക്തി മാർഗ്ഗത്തിലേതാണ്. കലിയുഗത്തിന്റെ അന്ത്യം വരുമ്പോൾ ഭക്തിമാർഗ്ഗത്തിന്റേയും അന്ത്യം വരുന്നു, അപ്പോൾ തന്നെയാണ് ഭഗവാൻ വരുന്നത് കാരണം അദ്ദേഹം തന്നെയാണ് ഭക്തിയുടെ ഫലം നൽകുന്നവൻ. അദ്ദേഹത്തെ ജ്ഞാന സൂര്യൻ എന്ന് പറയപ്പെടുന്നു. ജ്ഞാന സൂര്യൻ, ജ്ഞാന-ചന്ദ്രൻ, ജ്ഞാനത്തിന്റെ ഭാഗ്യ നക്ഷത്രങ്ങൾ. ശരി, ജ്ഞാന സൂര്യനാണ് അച്ഛൻ. പിന്നെ അമ്മയും വേണമല്ലോ – ജ്ഞാന ചന്ദ്രൻ. അങ്ങിനെയാണെങ്കിൽ ഏതു ശരീരത്തിലാണോ പ്രവേശിക്കുന്നത് അതാണ് ജ്ഞാന-ചന്ദ്രൻ അമ്മ, ബാക്കിയുള്ളവരെല്ലാം ഭാഗ്യ നക്ഷത്രങ്ങളാണ്. ഈ കണക്കനുസരിച്ച് ജഗദംബയും ഭാഗ്യ നക്ഷത്രമാണ് എന്തുകൊണ്ടെന്നാൽ കുട്ടിയാണല്ലോ. നക്ഷത്രങ്ങളിലും ചിലത് മറ്റെല്ലാറ്റിനേക്കാളും തിളക്കമേറിയതായിരിക്കും. അതേപോലെ ഇവിടെയും യഥാക്രമമമാണ്. അത് സ്ഥൂല ആകാശത്തിലെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമാണ്, ഇവിടെയാണെങ്കിൽ ജ്ഞാനത്തിന്റെ കാര്യമാണ്. ആ വെള്ളത്തിന്റെ നദികളുണ്ട്, ഇവിടെയാണെങ്കിൽ ജ്ഞാനത്തിന്റെ നദികളാണ്, ജ്ഞാന സാഗരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്.

ഇപ്പോൾ ശിവജയന്തി ആഘോഷിക്കാറുണ്ട്, തീർച്ചയായും മുഴുവൻ സൃഷ്ടിയുടേയും അച്ഛനാണ് വരുന്നത്. വന്ന് സ്വർഗ്ഗം രചിക്കുന്നുണ്ടായിരിക്കും. ബാബ വരുന്നതു തന്നെ ഇപ്പോൾ പ്രായലോപമായിരിക്കുന്ന ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യാനാണ്. ഗവണ്മെണ്ടും ധർമ്മത്തിനെ അംഗീകരിക്കുന്നില്ല. പറയുകയാണ് നമുക്ക് യാതൊരു ധർമ്മവുമില്ല. പറയുന്നത് ശരിയാണ്. ബാബയും പറയുകയാണ് ഭാരതത്തിതന്റെ ആദി സനാതന ദേവീ-ദേവതാ ധർമ്മം പ്രായലോപമായിരിക്കുകയാണ്. ധർമ്മത്തിൽ ശക്തിയുണ്ട്. ഭാരതവാസികൾ തന്റെ ദേവി ധർമ്മത്തിലായിരുന്നപ്പോൾ വളരെ സുഖികളായിരുന്നു. സർവ്വശക്തമായ വിശ്വ രാജ്യമായിരുന്നു. പരുഷോത്തമരാണ് രാജ്യം ഭരിച്ചിരുന്നത്. ശ്രീ ലക്ഷ്മീ-നാരായണനെയാണ് പുരുഷോത്തമൻ എന്നു പറയപ്പെടുന്നത്. നമ്പർവാർ ഉയർന്നതും താഴ്ന്നതും ഉണ്ടാകുന്നു. സർവ്വോത്തമ പുരുഷൻ, ഉത്തമ പുരുഷൻ, മദ്ധ്യമ-കനിഷ്ട പുരുഷൻ എന്നിങ്ങനെയാണ്.

ആദ്യമാദ്യം എറ്റവും സർവ്വോത്തമ പുരുഷനാകുന്നവർ തന്നെയാണ് മദ്ധ്യമ-കനിഷ്ടരാകുന്നത്. എങ്കിൽ ലക്ഷ്മീ-നാരായണനാണ് പുരുഷോത്തമൻ. എല്ലാ പുരുഷന്മാരിലും ഉത്തമൻ. പിന്നീട് താഴോട്ടിറങ്ങുമ്പോൾ ദേവതയിൽ നിന്ന് ക്ഷത്രിയൻ, ക്ഷത്രിയനിൽ നിന്ന് വൈശ്യൻ, ശൂദ്ര-കനിഷ്ടനായിമാറുന്നു. സീതാ -രാമനേയും പുരുഷോത്തമനെന്നു പറയുകയില്ല. എല്ലാ രാജാക്കന്മാരുടേയും രാജാവ്, സർവ്വോത്തമ സതോപ്രധാന പുരുഷോത്തമനാണ് ലക്ഷ്മീ-നാരായണൻ. ഈ കാര്യങ്ങളെല്ലാം നിങ്ങളുടെ ബുദ്ധിയിൽ ഇരിക്കുന്നുണ്ട്, എങ്ങിനെയാണ് ഈ സൃഷ്ടി നടക്കുന്നത്, ആദ്യമാദ്യം ഉത്തമം, പിന്നീട് മദ്ധ്യമ-കനിഷ്ടമായി മാറുന്നു. ഈ സമയത്താണെങ്കിൽ മുഴുവൻ ലോകവും തമോപ്രധാനമാണ്, ഇത് ബാബയാണ് പറഞ്ഞു തരുന്നത്. ആ ബാബയുടെ ജയന്തിയാണ് നിങ്ങൾ കുട്ടികൾ ആഘോഷിക്കാൻ പോകുന്നത്. നിങ്ങൾക്ക് പറയാൻ സാധിക്കും അയ്യായിരം വർഷം മുന്നെ പരമപിതാ ശിവ പരമാത്മാവ് വന്നിരുന്നു. ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ശിവജയന്തി ആഘോഷിക്കുന്നത്! പരമപിതാ പരമാത്മാവ് തീർച്ചയായും കുട്ടികൾക്ക് സമ്മാനം കൊണ്ടുവരും, തീർച്ചയായും സർവ്വോത്തമ കാര്യവും ചെയ്യും. മുഴുവൻ തമോപ്രധാന സൃഷ്ടിയേയും സദാ സുഖിയാക്കി മാറ്റുന്നു. എത്രയും ഉയർന്നതാണോ അത്രയും ഉയർന്നതായ ഓർമ്മചിഹ്നങ്ങളും ഉണ്ടായിരുന്നു, ആ ക്ഷേത്രത്തിനെയാണ് കൊള്ളയടിച്ച് കൊണ്ടുപോയത്. മനഷ്യർ പഠിക്കുന്നതു തന്നെ ധനം സമ്പാദിക്കാനാണ്. വിദേശത്തു നിന്നും വന്നത് ധനത്തിനാണ്, ആ സമയത്തും ധാരാളം ധനമുണ്ടായിരുന്നു. എന്നാൽ മായാരാവണൻ ഭാരതത്തെ കക്കക്കു സമാനമാക്കി മാറ്റി. ബാബ വന്ന് വജ്ര തുല്യമാക്കി മാറ്റുന്നു. അങ്ങിനെയുള്ള ശിവബാബയെ ആരും തന്നെ അറിയുന്നില്ല. പറയുകയാണ് സർവ്വവ്യാപിയാണ്, ഇങ്ങിനെ പറയുന്നതും തെറ്റാണ്. തോണിയെ അക്കര കടത്തുന്നവൻ ഓരേയൊരു സദ്ഗുരുവാണ്. മുക്കുന്നവർ അനേകമുണ്ട്. എല്ലാവരും വിഷയ സാഗരത്തിൽ മുങ്ങിയിരിക്കുകയാണ്, അതുകൊണ്ടാണ് പറയുന്നത് ഈ സാരമില്ലാത്ത ലോകത്തുനിന്ന്, വിഷയ സാഗരത്തിൽ നിന്ന് അക്കരക്ക് കൊണ്ടുപോകൂ, എവിടെയാണോ ക്ഷീരസാഗരമുള്ളത്. പാടപ്പെട്ടിട്ടുമുണ്ട് വിഷ്ണു ക്ഷീരസാഗരത്തിലായിരുന്നു. സ്വർഗ്ഗത്തിനെയാണ് ക്ഷീരസാഗരമെന്നു പറയുന്നത്. അവിടെയാണ് വിഷ്ണു രാജ്യം ഭരിച്ചിരുന്നത്. അല്ലാതെ വിഷ്ണു അവിടെ വിശ്രമത്തിലല്ലായിരുന്നു. മനുഷ്യരാണെങ്കിൽ വലിയ കുളമുണ്ടാക്കി മദ്ധ്യത്തിൽ വിഷ്ണുവിനെ വെക്കുന്നു. വിഷ്ണുവിനേയും വളരെ വലുതായി ഉണ്ടാക്കുന്നു. ഇത്രയും വലിയ ലക്ഷ്മീ-നാരായണനുമുണ്ടാകുകയില്ല. എറ്റവും കൂടിയാൽ ആറടിയുണ്ടായിരിക്കും. പാണ്ഡവന്മാരുടേയും വലിയ വലിയ പ്രതിമകളുണ്ടാക്കുന്നു. രാവണന്റേയും എത്രവലിയ പ്രതിമയാണുണ്ടാക്കുന്നത്. വലിയ പേരാണെങ്കിൽ വലിയ ചിത്രവുമുണ്ടാക്കുന്നു. ബാബയുടെ പേരാണെങ്കിൽ വളരെ ഉയർന്നതാണ്, പക്ഷെ അദ്ദേഹത്തിന്റെ ചിത്രം വളരെ ചെറുതാണ്. മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഇത്രയും വലിയ രൂപമുണ്ടാക്കിയിരിക്കുന്നത്. ബാബ പറയുകയാണ് എന്റെ ഇത്രയും വലിയ രുപമില്ല. എതുപോലെ ആത്മാവ് വളരെ സൂക്ഷ്മമാണ് അതേപോലെ പരമാത്മാവായ ഞാനും നക്ഷത്ര സമാനമാണ്. അദ്ദേഹത്തെ സുപ്രീം സോൾ എന്നു പറയപ്പെടുന്നു. അദ്ദേഹം ഉയർന്നതിലും ഉയർന്നതാണ്. അദ്ദേഹത്തിൽ മുഴുവൻ ജ്ഞാനവുമുണ്ട്, അദ്ദേഹത്തിന്റെ മഹിമയാണ് പാടപ്പെട്ടിരിക്കുന്നത് - മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്, ജ്ഞാന സാഗരനാണ്, ചൈതന്യ ആത്മാവാണ്. എന്നാൽ കേൾപ്പിക്കണമെങ്കിൽ അവയവങ്ങൾ എടുക്കണമല്ലോ. കുട്ടികൾക്കും ചെറിയ അവയവങ്ങളിലൂടെ സംസാരിക്കാൻ കഴിയുകയില്ല, വലുതാകുമ്പോൾ ശാസ്ത്രം മുതലായവ കാണുമ്പോൾ മറ്റ് സംസ്ക്കാരങ്ങളുടെ സ്മൃതി വരുന്നു. അതിനാൽ ബാബയിരുന്നു കുട്ടികൾക്ക് പറഞ്ഞു തരികയാണ് - ഞാൻ അയ്യായിരം വർഷത്തിനു ശേഷം വീണ്ടും നിങ്ങൾക്ക് അതേ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. കൃഷ്ണൻ ഒരു രാജയോഗവും പഠിപ്പിച്ചിട്ടില്ല. കൃഷ്ണൻ പ്രാലബ്ദമാണ് അനുഭവിച്ചത്. 8 ജന്മം സൂര്യവംശി, 12 ജന്മം ചന്ദ്രവംശി പിന്നീട് 63 ജന്മം വൈശ്യ-ശൂദ്ര വംശിയായി മാറി. ഇപ്പോൾ എല്ലാവരുടേയും ഇത് അന്തിമ ജന്മമാണ്. ഇത് കൃഷ്ണന്റെ ആത്മാവും കേൾക്കുന്നുണ്ട്. നിങ്ങളും കേൾക്കുന്നുണ്ട്. ഇത് സംഗമയുഗീ ബ്രാഹ്മണരുടെ വർണ്ണമാണ്. പിന്നീട് നിങ്ങൾ ബ്രാഹ്മണനിൽ നിന്ന് ദേവതയായി മാറും. ബ്രാഹ്മണ ധർമ്മവും, സൂര്യവംശി ദേവതാ ധർമ്മവും, പിന്നെ ചന്ദ്രവംശി ക്ഷത്രിയ ധർമ്മവും ഒരേയൊരു പരമപിതാ പരമാത്മാവാണ് സ്ഥാപിക്കുന്നത്. അതുകൊണ്ട് മൂന്നിന്റേയും ശാസ്ത്രവും ഒന്നുതന്നെയായിരിക്കണം. വേറെ വേറെ ഒരു ശാസ്ത്രവുമില്ല. ബ്രഹ്മാവ് ഇത്രയും വലിയ എല്ലാവരുടേയും അച്ഛനാണ്, പ്രജാപിതാവാണ്. അദ്ദേഹത്തിന്റേയും ഒരു ശാസ്ത്രമില്ല. ഒരു ഗീതയിൽ മാത്രമാണ് ഭഗവാനുവാചായുള്ളത്. ബ്രഹ്മാ ഭഗവാനുവാചാ എന്നില്ല. ഇതാണ് ശിവഭഗവാനുവാചാ, ബ്രഹ്മാവിലൂടെ, ഇതിലൂടെ ശൂദ്രന്മാരെ പരിവർത്തനപ്പെടുത്തി ബ്രാഹ്മണരാക്കി മാറ്റുന്നു. ബ്രാഹ്മണർ തന്നെയാണ് ദേവതകളായി മാറുന്നത്, ആരാണോ പാസാകാത്തത് അവർ ക്ഷത്രിയരായി മാറുന്നു. 2 കലകൾ കുറഞ്ഞുപോകുന്നു. ബാബ എത്ര നല്ല രീതിയിലാണ് പറഞ്ഞു തരുന്നത്. ഉയർന്നതിലും ഉയർന്നതാണ് പരമപിതാ പരമാത്മാവ്, പിന്നെയാണ് ബ്രഹ്മാ, വിഷ്ണു, ശങ്കരൻ - ഇവരേയും പുരുഷോത്തമരെന്നു പറയുകയില്ല. ആരാണോ പുരുഷോത്തമരായി മാറുന്നത് അവർ തന്നെയാണ് കനിഷ്ടരുമായി മാറുന്നത്. മനുഷ്യരിൽ സർവ്വോത്തമനാണ് ലക്ഷ്മീ-നാ

രായണൻ, അവരുടെ ക്ഷേത്രങ്ങളുമുണ്ട്. എന്നാൽ അവരുടെ മഹിമയെ ആരും തന്നെ അറിയുന്നില്ല. കേവലം പൂജ മാത്രം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ പൂജാരിയിൽ നിന്ന് പൂജ്യരായി മാറിക്കൊണ്ടിരിക്കുകയാണ്. മായ പിന്നീട് പൂജാരിയാക്കി മാറ്റുന്നു. ഡ്രാമ ഇങ്ങിനെയാണുണ്ടാക്കപ്പെട്ടിട്ടുള്ളത്. ഡ്രാമ പൂർത്തിയാകുമ്പോൾ എനിക്ക് വരേണ്ടിയിരിക്കുന്നു. പിന്നീട് വർദ്ധനയുണ്ടാകുന്നതും സ്വതവേ നിലക്കുന്നു. പിന്നീട് നിങ്ങൾ കുട്ടികൾക്ക് വന്ന് അവനവന്റെ പാർട്ട് വീണ്ടും ആവർത്തിക്കപ്പെടേണ്ടിവരുന്നു. ഇത് സ്വയം പരമപിതാ പരമാത്മാവാണ് പറഞ്ഞു തരുന്നത്, ഇദ്ദേഹത്തിന്റെ ജയന്തിയാണ് ഭക്തിമാർഗ്ഗത്തിൽ ആഘോഷിക്കുന്നത്. സ്വർഗ്ഗത്തിൽ ആരുടേയും ജയന്തി ആഘോഷിക്കുകയില്ല. കൃഷ്ണൻ, രാമൻ മുതലായവരുടെയൊന്നും ജയന്തി ആഘോഷിക്കുകയില്ല. അത് സ്വയം പ്രാക്ടിക്കലായി നടക്കും. ഇവരെല്ലാം വന്ന് പോയവരാണ്, അതുകൊണ്ടാണ് ആഘോഷിക്കുന്നത്. അവിടെ വർഷാവർഷം കൃഷ്ണന്റെ ജന്മദിനം ആഘോഷിക്കുകയില്ല. അവിടെയാണെങ്കിൽ സദാ സന്തോഷമാണ്, ജന്മദിനം ആഘോഷിക്കേണ്ട കാര്യമില്ല. കുട്ടികളുടെ പേര് മാതാ-പിതാക്കളായിരിക്കും വെക്കുക. അവിടെ ഗുരുക്കന്മാരുണ്ടാകുകയില്ല. വാസ്തവത്തിൽ ഈ കാര്യങ്ങൾക്കെല്ലാം ജ്ഞാന-യോഗവുമായി യാതൊരു ബന്ധവുമില്ല. ബാക്കി അവിടത്തെ എന്താണ് ആചാരം, അതാണ് ചോദിക്കേണ്ടത്, അല്ലെങ്കിൽ ബാബ പറയും അവിടെ എന്താണോ നിയമം അതനുസരിച്ച് അവിടത്തെ കാര്യങ്ങൾ നടക്കും, നിങ്ങൾക്ക് ചോദിക്കേണ്ട ആവശ്യം തന്നെയില്ല. ആദ്യം പരിശ്രമം ചെയ്ത് തന്റെ പദവിയാണ് പ്രാപ്തമാക്കേണ്ടത്. യോഗ്യരായി മാറൂ, പിന്നെ ചോദിക്കൂ. ഡ്രാമയിൽ എന്തെങ്കിലുമൊക്കെ നിയമങ്ങളുണ്ടായിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. സ്വയത്തെ നിരാകാര ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. മർജീവയായി മാറി പഴയ കാര്യങ്ങളെ ബുദ്ധിയിൽ നിന്ന് മാറ്റണം.

2. ബാബ രചിച്ച ഈ രുദ്രജ്ഞാന യജ്ഞത്തിൽ സമ്പൂർണ്ണ സ്വാഹയാകണം. ശൂദ്രരെ ബ്രാഹ്മണ ധർമ്മത്തിലേക്ക് പരിവർത്തനപ്പെടുത്തുന്നതിന്റെ സേവനം ചെയ്യണം.

## വരദാനം:-ദിനചര്യയുടെ സെറ്റിങ്ങിലൂടെയും ബാബയുടെ കൂട്ടുകെട്ടിലൂടെയും ഓരോ കാര്യവും കൃത്യതയോടെ ചെയ്യുന്ന വിശ്വമംഗളകാരിയായി ഭവിക്കട്ടെ.

ലോകത്തിലെ വലിയ വ്യക്തികൾ അവരുടെ ദിനചര്യ സെറ്റ് ചെയ്യാറുണ്ട്. ദിനചര്യ സെറ്റ് ചെയ്യുന്നതിലൂടെയാണ് ഏതൊരു കാര്യവും കൃത്യതയുള്ളതാകുന്നത്. സെറ്റ് ചെയ്യുന്നതിലൂടെ സമയം, ഊർജ്ജം എല്ലാം ലാഭിക്കുന്നു, ഒരു വ്യക്തിക്ക് പത്ത് കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു. അപ്പോൾ താങ്കൾ വിശ്വമംഗളകാരി ഉത്തരവാദപ്പെട്ട ആത്മാക്കൾ ഓരോ കാര്യത്തിലും സഫലത പ്രാപ്തമാക്കുന്നതിന് വേണ്ടി ദിനചര്യ സെറ്റ് ചെയ്യൂ ഒപ്പം ബാബയുമായി സദാ കമ്പൈന്റ് ആയിരിക്കൂ. ആയിരം കൈകളുള്ള അച്ഛൻ താങ്കളുടെ കൂടെയുണ്ടെങ്കിൽ ഒരു കാര്യത്തിന് പകരം ആയിരം കാര്യങ്ങൾ കൃത്യതയോടെ ചെയ്യാൻ സാധിക്കും.

## സ്ലോഗൻ:- സർവ്വാത്മാക്കളെയും പ്രതി ശുദ്ധ സങ്കൽപം ചെയ്യുക തന്നെയാണ് വരദാനീമൂർത്തിയാകുക.